# FIRST TERMINAL EXAMINATION 2025

## KERALA PADAVALI CLASS 10 th

ANSWER KEY BY : SURESH AREEKODE.PH: 9562521509

| | | |
|---|---|---|
| 1. | B.ശത്രുസമൂഹം | 1 |
| 2 | D.സ്വർണ്ണ ചിറക് നഷ്ടപ്പെട്ടും എന്നോർത്ത് | 1 |
| 3 | C.ഇരിക്കുകയാണ് -ഇരിക്കുക , ആണ് | 1 |
| 4 | A.ഒന്നു മാത്രം യോജിക്കുന്നു | 1 |
| 5. | ◆ മഹാഭാരതത്തെ 21 പർവങ്ങളാക്കി വിഭജിച്ച കഥ പറഞ്ഞിരിക്കുന്നു<br>◆ സ്വതന്ത്ര വിവർത്തനമാണ് എഴുത്തച്ഛന്റെത്<br>◆ വ്യാസഭാരതത്തിൽ വിസ്തരിച്ച് വർണ്ണിച്ചവ സാരാംശം നഷ്ടപ്പെടാതെ കുറക്കെ ചുരുക്കിയിരിക്കുന്നു<br>◆ സാധാരണക്കാരന് മനസ്സിലാകുന്ന ലളിതമായ ഭാഷാശൈലി | 3 |
| 6. | ഉണ്ട് .<br>◆ ഹംസത്തിന്റെ രൂപഭംഗിയിലാണ് നളൻ ആകൃഷ്ടനാകുന്നത്<br>◆ രൂപഭംഗി തന്റെ ദുഃഖമായി ഹംസം കാണുന്നു.<br>◆ ഈയൊരു ഗുണം ഹംസത്തിന് ദ്രോഹം ആവുകയാണ്<br>◆ കുട്ടിയുടെ സ്വന്തമായ പ്രതികരണങ്ങൾ ചേർത്തിട്ടുണ്ട് | 3 |
| 7. | **A.**<br>◆ മാതൃഭാഷയായ കന്നടയെ ജീവവായു പോലെ കാണുന്ന ലേഖകൻ<br>◆ മകൾ സ്വന്തം ഭാഷ മറന്ന് ഇംഗ്ലീഷ് ഉപയോഗിക്കുന്നതിൽ ലേഖകനുള്ള കോപവും അസ്വസ്ഥതയും<br>◆ ലേഖകന് മാതൃഭാഷയോട് വൈകാരിക ബന്ധമാണുള്ളത്<br>◆ പുതു തലമുറ മാതൃഭാഷയിൽ നിന്ന് അകലുന്നത് ലേഖകന് അസഹനീയമാകുന്നു<br>◆ മാതൃഭാഷയെ മറക്കുമ്പോൾ സ്വന്തം ,നാട് ,സംസ്കാരം, മാതാപിതാക്കൾ എല്ലാം അപ്രത്യക്ഷമാകും എന്ന ഭയം<br>◆ മാതൃഭാഷ സംസാരിക്കുന്നതിലെ അന്തസ്സ് ,അഭിമാനം, സംസ്കാരിക വിനിമയംമാതൃഭാഷയിലൂടെ സാധ്യമാകുന്നത്<br>◆ മാതൃഭാഷ സംസാരിക്കാൻ കിട്ടുന്ന അവസരങ്ങൾ അഭിമാനത്തോടെ | 3 |

SURESH AREEKODE

| | | |
|---|---|---|
| | ഉപയോഗിക്കണം എന്നുള്ള കാഴ്ചപ്പാട്<br>**അല്ലെങ്കിൽ**<br>**B.** വായിച്ചു തീർന്നപ്പോൾ എല്ലാ കുട്ടികളും കൈയ്യടിച്ചു.<br>• അധ്യാപകൻ വായനയ്ക്കുള്ള ബാഡ്ജ് അവനെ അണിയിച്ചു.<br>• എന്തിനാണിതെല്ലാമെന്ന് അവന് മനസ്സിലായില്ല. | |
| 8. | സബർമതി നദി തീരത്ത് ഗാന്ധിജി ആശ്രമം സ്ഥാപിച്ചു. ഇന്ത്യയിലെ യുവാക്കളെ ആശ്രമത്തിലെ അന്തേവാസികളാക്കി സിദ്ധാന്തങ്ങൾ പരിശീലിപ്പിച്ചു. കൊച്ചുകൊച്ചു കാര്യങ്ങളിൽ കൂടിയായിരുന്നു ഗാന്ധിജി അന്തേവാസികളെ കർമ്മനിരതരാക്കിയത്.<br>മിതവ്യയവും ശുചിത്വവും ജീവിതരീതിയുടെ ഭാഗമാക്കി,ഇന്ത്യയെ പോലുള്ള ഒരു ദരിദ്ര രാജ്യത്തിന് ആർഭാടം പാടില്ല എന്നത് സ്വയം മാതൃകയിലൂടെ കാണിച്ചു കൊടുത്തു.കൈത്തറി വസ്ത്രങ്ങൾ ഉണ്ടാക്കുന്നത് പ്രോത്സാഹിപ്പിച്ച ഗാന്ധിജിക്ക് അതിനെ ഒരു സമര രീതിയാക്കി മാറ്റാനും സാധിച്ചു. വിദേശീയമായ വസ്തുക്കൾ ഒഴിവാക്കാനും സ്വദേശീയമായി നിർമ്മിച്ചവ ഉപയോഗിക്കാനും അന്തേവാസികളോടും ജനങ്ങളോടും ആഹ്വാനം ചെയ്തു.<br>ചർക്കയെ അർദ്ധ പട്ടിണിക്കാരന്റെ ഉപജീവനമാർഗമായും ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന്റെ ശക്തമായ ഒരു ആയുധവുമായി മാറ്റാനും ഗാന്ധിജിക്ക് സാധിച്ചു. | 5 |
| 9. | ◆ മനുഷ്യജീവിതത്തിൽ സ്വാതന്ത്ര്യത്തിനുള്ള പ്രാധാന്യമാണ് ഇരുഭാഗങ്ങളും ചർച്ചചെയ്യുന്നത്<br>◆ സ്വാതന്ത്ര്യം തന്നെയാണ് അമൃതും ജീവിതവും<br>◆ സ്വാതന്ത്ര്യം ഇല്ലാത്ത അവസ്ഥ അഭിമാനികൾക്ക് പോലും മരണത്തെക്കാൾ ഭയം ഉണ്ടാക്കുന്നതാണ്<br>◆ സ്വാതന്ത്ര്യം - ശാരീരികമായും മാനസികവുമായ ബന്ധനത്തിൽ നിന്നുള്ള മോചനമാണ്<br>◆ പലവിധ ചിന്തകളാൽ ബന്ധിതനായ നളൻ ഹംസത്തെ ശാരീരികമായി ബന്ധിക്കുന്നു<br>◆ ബന്ധിക്കപ്പെടുന്നതോടെ ഹംസത്തിൽ മരണഭയം ഉടലെടുക്കുന്നു | 5 |
| 10 | ◆ അച്ചടി മാധ്യമ രംഗത്തെ അധാർമിക പ്രവണതകളെയാണ് കഥാസന്ദർഭം സൂചിപ്പിച്ചിരിക്കുന്നത് | 5 |

SURESHAREEKODE

| | | |
|---|---|---|
| | ◆ വെങ്കിടേശര അയ്യങ്കാർക്ക് ശേഷം പത്രത്തിൽ വന്നവർ ചീഫ് റിപ്പോർട്ടർ ആയി പ്രമോഷൻ ആവുകയും അദ്ദേഹത്തിന് പ്രമോഷൻ ലഭിക്കാതെ പോകുകയും ചെയ്യുന്നു<br>◆ ഇതിൽ അയ്യങ്കാർക്കുള്ള നിരാശയും നീരസവും പ്രകടമാകുന്നു<br>◆ സ്ഥാനമാനങ്ങളും ധനവും നേടിയെടുക്കാനുള്ള ശ്രമം മാധ്യമ മേഖലയിലും കാണാൻ കഴിയുന്നു എന്ന് വ്യക്തമാക്കുന്നു | |
| 11 | ◆ കുട്ടി തൻറെ അത്യാവശ്യമായ വെള്ളത്തിന് പോലും അമ്മയ്ക്ക് മെസ്സേജ് അയക്കുന്ന അവസ്ഥ<br>◆ അയക്കുന്നത് കൃത്യമായും അമ്മ കാണണമെന്ന നിർബന്ധം<br>◆ നവമാധ്യമങ്ങൾ യുവതലമുറയിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ വൈപുല്യം<br>◆ മാറിയ കേരളീയ സമൂഹത്തിന്റെ സവിശേഷമായ ഒരു മുഖം കാർട്ടൂണിൽ  കാണാം<br>◆ ജീവിതത്തെ ലാഘവ മനോഭാവത്തോടെ നോക്കിക്കാണുന്ന പുതിയ ലോകം<br>**അല്ലെങ്കിൽ**<br>B.<br>◆ റസിഡൻറ് എഡിറ്റർ എന്ന പാഠഭാഗത്തിലെ പ്രധാന കഥാപാത്രം<br>◆ സ്വാമിയുടെ പത്രത്തിലെ ഒരു ഇടത്തരം റിപ്പോർട്ടർ<br>◆ മെയ്യനങ്ങാവേലകൾ ചെയ്യുന്നു. എങ്കിലും പ്രസിദ്ധിയും പ്രമോഷൻ ആഗ്രഹിക്കുന്ന റിപ്പോർട്ടറാണ്  വെങ്കിടേശര അയ്യങ്കാർ<br>◆ ശാസ്ത്രിയെ കുറിച്ചുള്ള റിപ്പോർട്ട് പത്രസ്വാമിക്ക് ഇഷ്ടപ്പെടുന്നു എങ്കിലും പ്രമോഷൻ ലഭിക്കുന്നില്ല.<br>◆ അധികാരമോഹവും അത്യാഗ്രഹവും പത്രസ്വാമിയെ കണ്ടു പ്രമോഷൻ വേണമെന്ന് പറയുന്നതിലേക്ക് എത്തിക്കുന്നു<br>◆ സ്ഥാനമാനങ്ങൾക്ക് വേണ്ടിയുള്ള മനുഷ്യൻറെ ഭ്രമത്തെ ആക്ഷേപഹാസത്തിലൂടെ അവതരിപ്പിക്കുന്ന കഥാപാത്രം<br>◆ പത്രമാധ്യമ രംഗത്തെ അനാരോഗ്യ പ്രവണതകളെ അവതരിപ്പിക്കുന്നതിൽ ഈ കഥാപാത്രം സവിശേഷ പ്രാധാന്യം അർഹിക്കുന്നു | 5 |
| 12 | A.<br>◆ പ്രഭാഷണ ഘടന പാലിച്ചിട്ടുണ്ട് | 7 |

SURESHAREEKODE

- **അഭിസംബോധന**
- **ആമുഖം**
- **ഉള്ളടക്കം**
- **ഉപസംഹാരം**
- **ആശയ വ്യക്തതയോടുകൂടിയുള്ള അവതരണം**
- മാതൃഭാഷയുടെ പ്രാധാന്യം
- മാതൃഭാഷയും മലയാളിയും
- നെൽസൺ മണ്ടേലയുടെയും പ്രകാശ് രാജിന്റെയും അഭിപ്രായങ്ങളുടെ പ്രാധാന്യം
- മാതൃഭാഷ അന്യമാകുന്നതിലൂടെ ഭാഷ മാത്രമല്ല ,സംസ്കാരം മാതാപിതാക്കൾ എല്ലാ മാന്യമാകുന്ന അവസ്ഥ
- മാതൃഭാഷ നമ്മിൽ ഒഴുകുന്ന ജീവനദി എന്നതിന്റെ സൂചന
- ഭാഷാ ഒരു സംസ്കാരമാണ് എന്ന രീതിയിൽ മാതൃഭാഷ വളരേണ്ടതിന്റെ പ്രസക്തി ഉൾക്കൊണ്ടുകൊണ്ടുള്ള അവതരണം

**അല്ലെങ്കിൽ**

**B.**ഉചിതമായ തലക്കെട്ട്

- കവി, കവിതാപരിചയം
- പ്രധാന ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്
- ആസ്വാദനാംശങ്ങൾ ചേർത്തിട്ടുണ്ട്
- സമാന കവിതകളുമായുള്ള ബന്ധം -താരതമ്യം
- സമകാലികപ്രസക്തി കണ്ടെത്തിയിട്ടുണ്ട്
- ലളിതമായ ഭാഷയിലുള്ള അവതരണം

SURESH AREEKODE